# കേരള സർവകലാശാല

നം. പി.ആർ.183/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സർവകലാശാല അമിനിറ്റി കേന്ദ്രത്തിന്റെ ഉത്ഘാടനം സംബന്ധിച്ച വാർത്തകൾ തെറ്റിദ്ധാരണാജനകം

കേരള സർവകലാശാലയുടെ പാളയം കാമ്പസിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനും വിശ്രമിക്കുന്നതിനുമായി നിർമ്മിച്ച അമിനിറ്റി സെന്ററിന്റെ ഉത്ഘാടനം സംബന്ധിച്ച് വാർത്താമാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും ചില തൽപ്പരകക്ഷികൾ വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നുണ്ട്.

ഏതാനും മാസം മുമ്പ് ഒൻപത് കോടിയോളം രൂപ ചെലവഴിച്ച് പണിപൂർത്തിയാക്കിയ ഈ കെട്ടിടം തുറന്ന് പ്രവർത്തിക്കാത്തത് കൊണ്ട് വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിലും ഓഫിസുകളിലും പ്രതിദിനം എത്തുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് കാമ്പസിൽ അലഞ്ഞ്തിരിഞ്ഞ് നടക്കേണ്ടി വരുന്നു. ഈ കേട്ടിടത്തിന്റെ ഉത്ഘാടനം ചില കേന്ദ്രങ്ങളിൽ നടക്കുന്ന കളളക്കളി മൂലം അനിശ്ചിതമായി നീളുകയാണ്. ഇതിന് ഒരറുതി വരുത്തുവാൻ ചിങ്ങമാസം ഒന്നാം തീയതി മുതൽ അനൗപചാരികമായി അമിനിറ്റി സെന്റർ വിദ്യാർഥ്ഥികൾക്കായി തുറന്ന് കൊടുക്കാനും പബ്ലിക്ക് റിലേഷൻസ് ഓഫീസിന്റെ പ്രവർത്തനം ഈ കെട്ടിടത്തിലേക്ക് മാറ്റുവാനും വൈസ്ചാൻസലർ ഉത്തരവിട്ടു. ഇതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ജോയിന്റ് രജിസ്ട്രാർ ഡോ. രാഘവനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആഗസ്റ്റ് 15-ാം തീയതി രഹസ്യമായി ഈ കെട്ടിടത്തിന്റെ ഉത്ഘാടനം നിർവഹിക്കുവാൻ വൈസ്ചാൻസലർ ശ്രമിച്ചുവെന്നും ഇത് ചില സിൻഡിക്കേറ്റ് അംഗങ്ങൾ തടഞ്ഞുവെന്നും ചില കേന്ദ്രങ്ങൾ ഭാവനയിൽ സൃഷ്ടിച്ച വ്യാജ വാർത്ത വ്യാപകമായി പ്രചരിക്കുന്നുണ്ട്.

കഴിഞ്ഞ മൂന്നര വർഷ കാലത്തിനുള്ളിൽ സർവകലാശാലയുടെ ഒരു പുതിയ കെട്ടിടമോ ഇതര നൂതന സംരംഭമോ വൈസ്ചാൻസലർ ഉത്ഘാടനം ചെയ്തിട്ടില്ല. തുടർന്നുള്ള കാലയളവിലും ഇതേ മാതൃക പിന്തുടരും എന്നതാണ് വൈസ്ചാൻസലറുടെ നിലപാട്. കുറേ മാസങ്ങളായി സർവകലാശാലയുടെ പ്രവർത്തനം സ്തംഭിപ്പിക്കുവാനും അനാവശ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാനും ചില സിൻഡിക്കേറ്റംഗങ്ങളുടെ നേതൃത്വത്തിൽ ഗൂഢശ്രമം നടത്തിവരികയാണ്. പഠന ഗവേഷണ വകുപ്പുകളിലെ നിയമനം അകാരണമായി നീട്ടിക്കൊണ്ടുപോകുക, പ്രഥമ ചാൻസലർ അവാർഡിൽ നിന്ന് ലഭിച്ച അഞ്ച് കോടി രൂപ ഉപയോഗിച്ചുള്ള ചാൻസലേഴ്സ് മൾട്ടിപ്ലക്സിന്റെ കെട്ടിട നിർമാണം വൈകിപ്പിക്കുക, സ്റ്റാഫ് കോർട്ടേഴ്സ് നിർമാണം തടസപ്പെടുത്തുക, പണിപൂർത്തിയായ അമിനിറ്റി സെന്റർ പ്രവർത്തനം തുടങ്ങുന്നതിൽ വിഘാതം സൃഷ്ടിക്കുക തുടങ്ങി ഇക്കൂട്ടരുടെ കുത്സിത ശ്രമം പല വികസനപ്രവർത്തനങ്ങളിലും കാണാനാകും. ഇത്തരം കുത്സിത ശ്രമങ്ങളിൽ ഒരു ഏറ്റുമുട്ടലിന് പോകാൻ വൈസ് ചാൻസലർ തയ്യാറല്ല. എന്നാൽ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും ജീവനക്കാർക്കും അസൗകര്യം ഉണ്ടാക്കുന്ന ഗൂഢശ്രമങ്ങളെ നേരിടാനും വൈസ് ചാൻസലറുടെ വിശേഷാൽ അധികാരം ഉപയോ

ഗിച്ച് അവയെ ചെറുക്കാനും സർവകലാശാല സംവിധാനം പ്രതിജ്ഞാബദ്ധ മാണ് എന്നതിൽ സംശയം വേണ്ട.

## ബി.എസ്‌സി പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി. എസ് ബി.എസ്.സി സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 23 മുതൽ അതത് കോളേജുകളിൽ വച്ച് നടക്കും. വിശദമായ ടൈംടേ ബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് പരീക്ഷ

കേരള സർവകലാശാല ജൂലൈ 20-ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി. ആർക്ക് (2008 സ്കീം - സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഹിസ്റ്ററി ഓഫ് ആർക്കിടെക്ച്ചർ പേപ്പർ 3 ആഗസ്റ്റ് 21-ന് രാവിലെ 9.30 മുതൽ 12.30 വരെ നട ക്കുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## ജലസുരക്ഷ - ഹ്രസ്വ ചിത്ര പ്രകാശനം

കേരള സർവകലാശാലയുടെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാച്ചുറൽ റിസോഴ്സസ് മാനേജ്മെന്റിന്റെ (ഐ.ഐ.യു.സി. എൻ.ആർ.എം) 'ഇടം' പദ്ധതിയുടെ ജലസുരക്ഷ - ജീവ സുരക്ഷ കർമ്മ പദ്ധ തിയുടെ ഭാഗമായി തയ്യാറാക്കിയ ഡോക്യു - ഫിക്ഷൻ ഹ്യസ്വചിത്രത്തിന്റെ ഔപചാരിക പ്രകാശനം ആഗസ്റ്റ് 18-ാം തീയതി കാര്യവട്ടം ഐ.യു.സി.ജി. ഐ.എസ്.റ്റി-യുടെ സെമിനാർ ഹാളിൽ ബഹു. മത്സ്യബന്ധന പരമ്പരാഗത വ്യവസായ വകുപ്പ് മന്ത്രി ശ്രീമതി. ജെ മേഴ്സിക്കുട്ടിയമ്മ നിർവഹിക്കും. ഡോ. രാജേഷ് രഘുനാഥൻ (കോ-ഓഡിനേറ്റർ, ഐ.ഐ.യു.സി.എൻ.ആർ.എം) സ്വാ ഗതവും, പ്രൊഫ. എ.ബിജുകുമാർ (ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്) അദ്ധ്യക്ഷവും വഹിക്കും.

## ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ലൈബ്രറി ആന്റ് ഇൻഫർമേ ഷൻ സയൻസ് 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരി ച്ചു. അമൃത ആർ.വി (രജി.നം. LIS 150506/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.ബി.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ജനുവരി/ഫെബ്രു വരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ (2014-2016 ബാച്ച്) പരീക്ഷ യുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ (എസ്.ഡി.ഇ) പ്രൊജക്ട് സമർപ്പിക്കണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന നാലാം സെമ സ്റ്റർ എം.ബി.എ (എസ്.ഡി.ഇ) പ്രൊജക്ട് ആഗസ്റ്റ് 25-നകം പാളയം എസ്.ഡി.ഇ കേന്ദ്രത്തിൽ കോർഡിനേറ്ററിന് സമർപ്പിക്കണം.

## എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ പരീക്ഷ

കേരള സർവകലാശാല ജൂലൈ 14-ന് നടത്താനിരുന്ന ഫൈനൽ ഇയർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ (എസ്.ഡി.ഇ) ഡിഗ്രി സപ്ലിമെന്ററി പരീക്ഷയുടെ പേപ്പർ പതിനൊന്ന് - റിസേർച്ച് മെതഡോളജി ആഗസ്റ്റ് 23-ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടക്കും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.



(കേരള സർവകലാശാല വിമൻസ് ക്ലബ്ബിന്റെ ചിങ്ങപ്പിറവിയെ വരവേൽക്കുന്ന അത്തപൂക്കളം)

## എം.ടെക് ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം - 2008 സ്കീം), മൂന്നാം സെമസ്റ്റർ (പാർട്ട്ടൈം - 2008 സ്കീം) സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം - 2013 സ്കീം) സപ്ലിമെന്ററി, നാലാം സെമസ്റ്റർ (പാർട്ട്ടൈം - 2013 സ്കീം) റഗുലർ & സപ്ലിമെന്ററി, ഒന്നാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം - 2003 സ്കീം), മൂന്നാം സെമസ്റ്റർ (പാർട്ട്ടൈം - 2003 സ്കീം) മേഴ്സി ചാൻസ് എം.ടെക് (ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്) ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കേണ്ട അവസാന തീയതി സെപ്തംബർ എട്ട്.

തിരുവനന്തപുരം.

17.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098